# CONSOLE NEWS

Published by Console Medical Charitable Trust, Chavakkad +91 9846 797 797 | info@consolemct.com
President : Er. Abdhul Latheef Ammengara, General Secretary : Adv. Sujith Ayinippully, Treasurer : P. V. Abdumash Console

## EDITORIAL

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ 12 വർഷങ്ങളിലെ നിസ്വാർത്ഥവും നിഷ്ക്കളങ്കവുമായ പ്രവർത്തനങ്ങളുമായി 13-ാം വർഷത്തിലേക്ക് പ്രവേശിച്ച കൺസോൾ കേന്ദ്ര സർക്കാരിന്റെ 12 AA & 80 G സർട്ടിഫിക്കറ്റുകൾ സ്വന്തമാക്കിയതോടെ ഇപ്പോൾ CSR സർട്ടിഫിക്കറ്റിനുള്ള അനുമതി കൂടി ലഭിച്ചിരിക്കയാണ്. കൂടാതെ ISRO സർട്ടിഫിക്കറ്റും ലഭിച്ചു കഴിഞ്ഞു. നിർദ്ധനരായ വൃക്ക രോഗികൾക്ക് ആജീവനാന്ത ഡയാലിസിസ് സഹായം നൽകുന്ന കൺസോളിനെ സഹായിക്കുന്നത് വിദേശത്തും സ്വദേശത്തും ഉള്ള ഉദാരമതികളായ സുഹൃത്തുക്കളാണ്. എല്ലാ മാസവും രോഗികൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന കൂപ്പൺ വിതരണത്തോടൊപ്പം അവർക്ക് സാന്ത്വനം നൽകുന്നതിനായി സമൂഹത്തിലെ വിശിഷ്ട വ്യക്തികളെ ഒത്തുചേർക്കുന്നു. അതോടൊപ്പം ചില മാസങ്ങളിൽ രോഗികൾക്കും കുടുംബങ്ങൾക്കും ദാനമായി ലഭിക്കുന്ന മരുന്നുകളും ഭക്ഷണ കിറ്റുകളും നൽകാൻ കഴിയുന്നു.

കൺസോൾ ട്രസ്റ്റിമാർ ഓരോരുത്തരുടെയും പ്രത്യേകം പ്രത്യേകമായുള്ള കഴിവുകൾ ട്രസ്റ്റിനെ ഊർജ്ജസ്വലമാക്കുന്നു എന്നതാണ് കൺസോളിന്റെ വിജയ രഹസ്യം.






## *സൗജന്യ ഡയാലിസിന് കൂപ്പൺ വിതരണവും ഭക്ഷണ കിറ്റ് വിതരണവും*

ചാവക്കാട് : കൺസോൾ മെഡിക്കൽ ചാരിറ്റബിൾ ട്രസ്റ്റ് സാമ്പത്തികപരമായി പിന്നോക്കം നിൽക്കുന്ന വൃക്ക രോഗികൾക്കുള്ള ഡയാലിസിസ് കൂപ്പൺ വിതരണം ചാവക്കാട് ഫാസ്റ്റ് ട്രാക്ക് കോടതിയിലെ സ്പെഷൽ പബ്ളിക് പ്രോസിക്യൂട്ടർ അഡ്വ: സിജു മുട്ടത്ത് ഉദ്ഘാടനം ചെയ്തു. ഇതിനോടനുബന്ധിച്ചു ചേർന്ന രോഗികളുടെ കുടുംബ സംഗമ യോഗത്തിൽ കൺസോൾ പ്രസിഡണ്ട് അബ്ദുൾ ലത്തീഫ് അമ്മെങ്ങര അദ്ധ്യക്ഷത വഹിക്കുകയും ജനറൽ സെക്രട്ടറി സുജിത് അയിനിപ്പുള്ളി സ്വാഗതം പറയുകയും ചെയ്തു.

ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ കുറിച്ച് ട്രസ്റ്റിമാരായ വി.എം.സുകുമാരൻ മാസ്റ്റർ, ആർ. വി. കമറുദ്ധീൻ, കെ.ഷംസുദ്ധീൻ എന്നിവർ വിശദീകരണം നൽകി. ട്രസ്റ്റിമാരായ എം.കെ. നൌഷാദ് അലി, ജമാൽ താമരത്ത്, പി.എം. അബ്ദുൾ ഹബീബ്, സി.കെ. ഹക്കീം ഇമ്പാർക് എന്നിവർ പ്രസംഗിച്ചു.




ട്രഷറർ പി.വി. അബ്ദു മാഷ് നന്ദി പറഞ്ഞു. യോഗത്തിന് ശേഷം രോഗികൾക്കും കുടുംബങ്ങൾക്കും റംസാൻ ഭക്ഷണ കിറ്റുകളും വിതരണം ചെയ്തു.

## *ഭാവിയെ ഭയക്കുന്നവരെ*

**അബ്ദു മാഷ് കൺസോൾ**

വീട്ടുമുറ്റത്ത് മനോഹരമായൊരുക്കിയ വിവാഹ പന്തൽ! ആടയാഭരണങ്ങണിഞ്ഞ് വധു! കുടുംബക്കാരും അതിഥികളും കാത്ത് നിൽക്കുന്നു. മുഹൂർത്ത സമയമായിട്ടും വരനും പാർട്ടികളും എത്തിച്ചേരാത്തതിൽ ആശങ്ക! അതിനിടയിൽ ആരോ പറഞ്ഞു, 'വരൻ മറ്റൊരു പെൺകുട്ടിയുമായി മുങ്ങി!'. പിന്നെ അധികം താമസിച്ചില്ല, സദസ്സിൽ നിന്ന് വധുവിന്റെ ബന്ധുവായ ഒരു പയ്യൻ വിവാഹ മണ്ഡപത്തിലേക്ക് കയറി വന്നു. വധുവിന്റെ കവിൾ തടത്തിലൂടെ ഒഴുകി വന്ന കണ്ണുനീർ തുള്ളികൾ ആനന്ദാശ്രുക്കളായി മാറി. വാദ്യ മേളങ്ങൾ മുറുകവെ, അവൻ വധുവിന്റെ കഴുത്തിൽ താലി ചാർത്തി! മംഗല്യം മംഗളമായി. കൂട്ടം കൂടി നിന്ന ബന്ധുക്കളിൽ നിന്ന് ആശ്വാസത്തിന്റെ നിശ്വാസങ്ങളുയർന്നു!

ജീവിതത്തിൽ അപ്രതീക്ഷിതമായി നടക്കുന്ന സംഭവങ്ങൾ ധാരാളം. ചിലത് ശുഭകരമാണെങ്കിൽ മറ്റു ചിലത് അശുഭകരമായിരിക്കും. മനുഷ്യരെ സംബന്ധിച്ച് ഭാവി അനിശ്ചിതമാണ്. അടുത്ത നിമിഷത്തിൽ എന്ത് സംഭവിക്കും എന്ന് പറഞ്ഞു കൂടാ. അത് കൊണ്ട് തന്നെ ഭാവി ആകാംക്ഷാഭരിതവും ആശങ്കാജനകവുമാണ്. 'വരാനുള്ളത് വഴിയിൽ തങ്ങില്ല' എന്ന് പറയുന്നവർ ഉണ്ട്. 'വരുന്നിടത്ത് വെച്ച് കാണാം' എന്ന് പറയുന്ന ധീരന്മാർ ഉണ്ട്. 'ദൈവം കാത്ത് രക്ഷിക്കും' എന്ന് ആശ്വസിക്കുന്ന വിശ്വാസികളുമുണ്ട്. എങ്കിലും ഭാവിയെ കുറിച്ച് ആശങ്കപ്പെടുന്ന സാധാരണക്കാരാണ് അധികവും. ഭാവിയെ നേരിടാനുള്ള മനക്കരുത്ത് ചോർന്ന് പോകുമ്പോൾ ഇവരിൽ ആത്മഹത്യാപ്രവണത തല പൊക്കും.

ഭാവിയെ നേരിടാൻ ശക്തമായ സന്നാഹങ്ങൾ കൂട്ടുന്നവരാണ് മറ്റു ചിലർ. സാമ്പത്തിക ഭദ്രത ഉണ്ടായാൽ ഭാവി സുരക്ഷിതമായി എന്നാണ് ഇവരുടെ കണക്ക് കൂട്ടൽ. എന്നാൽ ഇവരുടെ ഭാവിയും അനിശ്ചിതത്വത്തിലായി രിക്കും. 'രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ തണ്ടിലേറ്റുന്നതും ഭവാൻ. മാളിക മുകളിലേറിയ മന്നന്റെ തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ എന്നാണ് കവി വചനം! ഭാവി നാം കരുതുന്നത് പോലെ

ഭീകരമായി വന്ന് ചേരണം എന്നില്ല. ആശങ്കപെടാതിരിക്കുക. ചിലപ്പോൾ മല പോലെ വരുന്നത് മഞ്ഞ് പോലെ പോകും. മാനം വീഴുമെന്ന് കരുതി മുട്ടിട്ട് താങ്ങി നിൽക്കേണ്ടതില്ല. മന:ശക്തിയാണ് മുഖ്യം. വെള്ളപ്പൊക്കവും ഭൂകമ്പവും പകർച്ചവ്യാധികളും മനുഷ്യരെ പിടിച്ചു കുലുക്കിയിട്ടുണ്ട്. അതെല്ലാം മറികടന്നവരാണ് മനുഷ്യ സമൂഹം.

കടങ്ങളും അപകടങ്ങളും മാറാ രോഗങ്ങളും കുടുംബങ്ങളെ പരവശരാക്കിയിട്ടുണ്ട്. നിരാശയവർ ഉണ്ടെങ്കിലും പരാശ്രയം കൊണ്ട് ആശ്വസിക്കുക എന്നതാണ് പ്രതിവിധി . ജീവിതം ജീവിക്കാനുള്ള താണ്.. ജീവനെ സംരക്ഷിക്കാനുള്ള താണ് ! വാസ്തവത്തിൽ ഭാവിയെക്കുറിച്ച് കൂടുതൽ ചിന്തിക്കുന്ന വർക്കാണ് ഭാവി ഭയാനകമായി തോന്നുന്നത്. എന്നാൽ ഭാവിയെ തീർത്തും അവഗണിച്ച് ചിരിച്ചിരിക്കാനും കഴിയില്ല. കഴിഞ്ഞ കാല സംഭവങ്ങളുടെ തുടർച്ചയാണ് ഇപ്പോൾ നടക്കുന്നതും ഇനി നടക്കാനുള്ളതും. സഹന ശക്തി കൊണ്ട് എല്ലാം മറികടക്കാൻ കഴിയണം. സഹന ശക്തി കുറഞ്ഞവരെയും സാമ്പത്തിക ശേഷി കുറഞ്ഞ വരെയും സഹായിക്കാൻ സന്നദ്ധരായവർ സമൂഹത്തിൽ വളർന്ന് വരണം . അങ്ങനെയാകുമ്പോൾ ഭാവിയെക്കുറിച്ചുള്ള ഭയം കുറയും!

## *ഡയാലിസിസ് ചെലവ്*

C. M. Janish, Console Trustee

നമ്മുടെ രാജ്യത്ത് കിഡ്നി രോഗികൾക്ക് ഡയാലിസിസിന് വേണ്ടി ചെലവാകുന്നത് വലിയ സംഖ്യയാണ്. നിർദ്ധനരായ രോഗികൾക്ക് ഇത്രയും വലിയ ചെലവ് സഹിക്കാൻ കഴിയുന്നതിലും അപ്പുറമാണ്. പ്രൈവറ്റ് ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും വിവിധ തരത്തിലുള്ള നിരക്കുകളാണ്. കൺസോൾ പോലെയുള്ള സംഘടനകൾ സംഭാവനകളിൽ നിന്ന് ലഭിക്കുന്ന ദാനം സംഘടിപ്പിച്ച് അവരെ സഹായിക്കുന്നത് തന്നെ ത്യാഗ പൂർണ്ണമാണ്. അതിനാൽ സർക്കാർ തലത്തിൽ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സഹായകരമായ സംവിധാനം വേണം. ദയനീയാവസ്ഥയിലുള്ള ഈ രോഗികളുടെ കാര്യത്തിൽ ഒട്ടും താമസിയാതെ തന്നെ സർക്കാർ പരിഹാരം കാണേണ്ടതാണ്.

# HEALTH TIPS

### *വേനൽ ചൂട് പ്രതിരോധിക്കാൻ :*

1. സംഭാരം, നാരങ്ങ വെള്ളം, ഇളനീർ കുടിക്കുക.
2. ചായയും കാപ്പിയും ഒഴിവാക്കുക.
3. പച്ചക്കറികൾ, ചപ്പാത്തി, പരിപ്പുകറി എന്നിവ കഴിക്കുക.

### *വായ്നാറ്റം അകറ്റാൻ :*

1. നല്ല വെള്ളത്തിൽ വായ കഴുകുക.
2. ഗ്രീൻ ടീ ദിവസവും കഴിക്കുക.
3. തൈര്, നാരങ്ങ നീര് കഴിക്കുക.
4. തുളസി ഇല, പേരക്ക, കറിവേപ്പില ഉപയോഗിക്കുക.
5. ചിവിംഗ്ഗം ചവക്കുക.
6. പെരുംജീരകം ചവക്കുക.
7. രണ്ട് ലിറ്റർ വെള്ളം കുടിക്കുക.

IN ASSOCIATION WITH TechBiz Digital

| City | Cost (INR) |
|---|---|
| Bangalore | Rs.750 - Rs.5,000 |
| Delhi | Rs.788 - Rs.5,250 |
| Mumbai | Rs.825 - Rs.5,500 |
| Gurgaon | Rs.750 - Rs.5,000 |
| Chennai | Rs.713- Rs.4750 |
| Hyderabad | Rs.750 - Rs.5,000 |
| kerala | Rs.750 - Rs.5,000 |

## Cost of different factors affecting the Dialysis:

| Factors affecting the cost | Price (INR) |
|---|---|
| Consultation fee | Rs.500 [per session with Nephrologist] |
| Procedure cost | Rs.2,500 - Rs.3,000 [depends on number of sessions] |
| Post-procedure cost | Rs.1,500 for a blood test |
| Miscellaneouscost | Rs.4,000 [Dialyser set] and<br>Rs.15,000 [Dialyser IV line insertion] |

## Cost of Dialysis in India:

- The minimum price for Dialysis in India starts from INR Rs.750
- The average cost of Dialysis in India is INR Rs.2,356
- The maximum charge for Dialysis in India is up to INR Rs.5,000

## However, this cost may vary depending on the following few factors:

- Age of the patient
- Type of the procedure planned to be performed
- The room that you opted for
- The medical condition of the patient
- Admission fee
- Post-procedure complications that are involved
- Doctor fee
- Type of hospital

CONSOLE®
MEDICAL CHARITABLE TRUST